## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3068 — 20.06.2014 -ൽ മറുപടി നൽകേണ്ടത്

### അനധികൃത കെട്ടിട നിർമ്മാണം ക്രമപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. പി. കെ. ബഷീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്ത് നിലവിലുള്ള അനധികൃത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്തു നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) നഗരപ്രദേശങ്ങളിലെ അനധികൃത കെട്ടിടങ്ങൾ ചില നിബന്ധനകൾ പാലിക്കുന്ന പക്ഷം റെഗുലറൈസ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതികൾ വരുത്തുകയും, തുടർന്ന് എസ്. ആർ. ഒ 122/2014 നമ്പരായി ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 സർക്കാർ പുറപ്പെടുവിക്കുകയും, ആയത് 2014 ഫെബ്രുവരി 17-ലെ 529-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) കെട്ടിട നിർമ്മാണ നിയമങ്ങളിലെ അജ്ഞത, തെറ്റിദ്ധാരണ എന്നിവ മൂലമുള്ള നിർമ്മിതികൾ മനപ്പൂർവ്വമായി നിയമം നിഷേധിച്ചുകൊണ്ടുള്ള നിർമ്മിതികൾ എന്നിവ വേർതിരിച്ച് കണക്കെടുപ്പു നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) ഇല്ല. ആയതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (സി) നിലവിലുള്ള ക്രമപ്പെടുത്തുന്നതിനും മേലിൽ അനധികൃത നിർമ്മാണങ്ങളുണ്ടായാൽ കർശനമായി നേരിടുന്നതിനും | (സി) ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 -ലെ |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | വ്യവസ്ഥകൾ/നിബന്ധനകൾ പാലിക്കുന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ടി ചട്ടങ്ങളിലെ ചട്ടം 6 (4) പ്രകാരം ഭാവിയിൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതല്ല എന്നു പ്രതിപാദിക്കുന്നുണ്ട്. മേലിൽ അനധികൃത നിർമ്മാണങ്ങളുണ്ടായാൽ ആയവ കർശനമായി നേരിടുന്നതിനായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | അനധികൃത നിർമ്മാണം ക്രമപ്പെടുത്തുന്നതിലൂടെ പിഴയിനത്തിൽ എന്തു തുക സമാഹരിക്കാനാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; പിഴയിനത്തിലെ തുക സർക്കാരിനാണോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണോ ലഭിക്കുകയെന്ന് വിശദമാക്കുമോ ? | (ഡി) | അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് നിശ്ചിത നിരക്കിൽ കോമ്പൗണ്ടിംഗ് ഫീ ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) റൂൾസ്, 2014 -ലെ അപ്പെൻഡിക്സ് I - ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസക്ത ഭാഗം ഉള്ളടക്കം ചെയ്യുന്നു. സർക്കാരിലേയ്ക്ക് ട്രഷറി റമിറ്റൻസായാണ് ടി കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കേണ്ടത്. ലഭിക്കുന്ന കോമ്പൗണ്ടിംഗ് ഫീസ് പ്രത്യേകം അക്കൗണ്ട് ചെയ്യണമെന്നും, പൊതു കാർപാർക്കിംഗ് സൗകര്യങ്ങൾ, റോഡു വികസനം, ആസൂത്രണത്തിനും എൻഫോഴ്സ്മെന്റിനുമുള്ള സംവിധാനത്തിന്റെ ആധുനികവൽക്കരണത്തിനും, ശാക്തീകരണത്തിനും ആയി ഉപയോഗിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. |

Vijeem

**സെക്ഷൻ ഓഫീസർ**

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2014 ഫെബ്രുവരി 17<br>17th February 2014<br>1189 കുംഭം 5<br>5th Kumbham 1189<br>1935 മാഘം 28<br>28th Magha 1935 | നമ്പർ<br>No. 529 |



GOVERNMENT OF KERALA

**Local Self Government (RD) Department**

NOTIFICATION

G.O. (Ms.) No. 39/2014/LSGD. *Dated, Thiruvananthapuram, 14th February, 2014.*

**S. R. O. No. 122/2014.**—In exercise of the powers conferred by section 565 read with section 407 of the Kerala Municipality Act, 1994 (Act 20 of 1994) and in supersession of the Kerala Building (Regularisation of Unauthorised Construction) Rules, 2010 issued under notification as G.O. (Ms.) No. 185/2010/LSGD dated 21st August, 2010 and published as S.R.O. No. 847/2010 in the Kerala Gazette Extraordinary No. 1955 dated the 21st August, 2010, so far as it relates the Municipalities the Government of Kerala hereby make the following rules, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2014

33/840/2014/DTP.

APPENDIX I

[*See* Rule 5 (1)]

## COMPOUNDING FEE

**Compounding fee for regularisation of unauthorised construction carried out on or before 31st day of March, 2013 violating the provisions of the Building Rules.**

*(1) Telecommunication Towers*

Compounding fee —₹ 5,00,000 (Rupees Five Lakhs only) per tower and its ancillary structure.

*(2) Other Buildings*

(a) The basic compounding fee

| | |
|---|---|
| (i) For single family residential buildings | 10 (ten) times of the permit fee as prescribed, and 1/20th (one-twentieth) of the fair value of land in rupees per sq.metre of the land multiplied by the total floor area of the unauthorized construction. For residential buildings up to 300 sq.m. in total floor area, the fee shall be 50% of the fee calculated as above. |
| (ii) For other buildings | 20 (twenty) times of the permit fee prescribed and 1/20th (one-twentieth) of the fair value of land in rupees per sq.metre of the land multiplied by the total floor area of the unauthorized construction; |

| | |
|---|---|
| (b) Additional compounding fee for deficient car parking, in case of violations of provision for off-street parking under rule 34 of the Building Rules | ₹ 5,00,000 (Rupees Five Lakhs) per deficient car parking; |



(c) Additional Compounding fee in the case of coverage and Floor Area Ratio (FAR) with reference to Table 2 under rule 31 of Building Rules,—

| | |
|---|---|
| (i) if the maximum permissible FAR exceeds in value in column (4) of Table 2 | ₹ 6,000 (Rupees Six Thousand only) per sq. metre of the floor area. |
| (ii) if the maximum permissible FAR exceeds to value in column (5) of Table 2. | ₹ 9,000 (Rupees Nine Thousand only) per sq. metre of the floor area; |
| (d) Additional compounding fee for in the case of unauthorised construction/ building(s) having total floor area above 500 sq.metres for regularisation with coverage above the values prescribed under column (3) of Table 2 under rule 31 of the Building Rules. | Rs. 2,500 (Rupees Two Thousand and Five Hundred only) per coverage area built in excess of that permissible as per Building Rules; |
| (e) Additional Compounding fee in the case of unauthorised constructions/building(s) having total floor area above 500 sq.metres for regularisation with width of access less than the minimum mandatory values prescribed in the Building Rules. | ₹ 2,500 (Rupees Two Thousand and Five Hundred only) per floor area built in excess of that permissible under the Building Rules. |

*Note:*— (1) The amount collected by way of regularization with respect to items (1) and (2) shall be accounted separately and used for providing common car parking facilities, road developments and strengthening/ modernisation of establishment for planning and enforcement.

(2) The compounding fee for item (2) shall be the sum of sub items (a), (b), (c) and (d).

Vajeem
S.O